(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, കേരള സാഹിത്യ അക്കാദമി എന്നിവിടങ്ങളിൽ 10 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയവരും ആവശ്യമായ യോഗ്യതയുള്ളവരുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. അക്കാദമികളിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന തസ്തികകളിൽ നിലവിലുള്ള നിയമ പ്രകാരമുള്ള യോഗ്യതയുണ്ടെങ്കിലും അതാതു തസ്തികകളിൽ തുടർച്ചയായ 10 (പത്ത്) വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്കും മാത്രമേ ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം നവീകരിക്കാൻ നടപടി

103 (2114) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയം നവീകരിക്കുന്നതിനായി സാംസ്കാരിക വകുപ്പിൽനിന്നും ഏതെല്ലാം പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) മ്യൂസിയം നവീകരണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ആലോചിക്കുന്നത് ;

(ഡി) നവീകരിച്ച മ്യൂസിയം 2011 ഫെബ്രുവരി 25-നുള്ളിൽ സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം ദേവസ്വം ബോർഡ് വക പൈതൃക മ്യൂസിയം കെട്ടിടത്തിലേക്ക് മാറ്റുന്നതിനുമുമ്പ് അറ്റകുറ്റപ്പണികൾ, പെയന്റിംഗ്, ഇലക്ട്രിക്കൽ പണികൾ, തറയിൽ കയർ മാറ്റ് ഇടുക, കൊട്ടാരം കോമ്പൗണ്ട് വൃത്തിയാക്കി പൂന്തോട്ടം ഉണ്ടാക്കുക, പൈതൃക മ്യൂസിയത്തിന്റെ മുമ്പിൽ കൊട്ടാരക്കര തമ്പുരാന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുക എന്നിവ ദേവസ്വം ബോർഡ് നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥകളോടെ ദേവസ്വം ബോർഡ് വക പൈതൃക മ്യൂസിയം കെട്ടിടത്തിൽ മദ്ധ്യത്തെ മുറിക്ക് തൊട്ട് തെക്കുവശത്തുള്ള വലിയ മുറിയും തെക്കു പടിഞ്ഞാറെ മുറിയും വടക്കു വശത്തെ ചെറിയ മുറികളും ചുറ്റു വരാന്തകളും കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾക്കായി ഉപയോഗിക്കുന്നതിനും പൈതൃക മ്യൂസിയത്തിലെ അറ്റകുറ്റപ്പണികൾ പൂർത്തിയായാൽ ഉടൻ

LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ അവിടേക്ക് മാറ്റുന്നതിനും 27-3-2010-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ ഗ്യാലറികൾ സജ്ജീകരിക്കുന്നതിന് 13,10,000 രൂപയും, ദേവസ്വം ബോർഡിന്റെ പൈതൃക ഗ്യാലറി സജ്ജീകരിക്കുന്നതിന് 6,15,000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

(സി & ഡി) പ്രസ്തുത കെട്ടിടത്തിൽ ദേവസ്വം ബോർഡ് നടത്തിക്കൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ പൂർത്തിയായാൽ ഉടൻതന്നെ മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്.

ജവഹർ ബാലഭവനിലെ നിയമനം

104 (2115) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജവഹർ ബാലഭവൻ എന്ന സ്ഥാപനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലികക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചു വിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 ബാലഭവനുകൾ താഴെപ്പറയുന്ന വർഷങ്ങളിൽ ആരംഭിച്ചു.

തിരുവനന്തപുരം 1970 ജൂലൈ 25

കൊല്ലം -1973

കോട്ടയം -1966

LIBRARY ARCHIVES Kerala Legislative Assembly